"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - എയ്ഡഡ് - പാലക്കാട് ജില്ലയിലെ മാത്തൂർ സി.എഫ്.ഡി. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ നോൺ വൊക്കേഷണൽ (ഇംഗ്ലീഷ്) അദ്ധ്യാപിക ശ്രീമതി. അഞ്ജലി രാധാകൃഷ്ണന് പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.5217/2026/GEDN** തീയതി, തിരുവനന്തപുരം, 01-08-2026

---

പരാമർശം:-

1. സ.ഉ.(പി) നം.112/2017/ധന, തീയതി 24/08/2017.
2. ശ്രീമതി. അഞ്ജലി രാധാകൃഷ്ണന്റെ 15/12/2025 തീയതിയിലെ അവധി അപേക്ഷ.
3. 21/11/2025 തീയതിയിലെ മെഡിക്കൽ സർട്ടിഫിക്കറ്റ്, 02/01/2026 തീയതിയിലെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്
4. സി.എഫ്.ഡി. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം.
5. പൊതുവിദ്യാഭ്യാസ (തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിഭാഗം) ഡയറക്ടറുടെ 17/02/2026, 27/05/2026 തീയതികളിലെ ഇ3/223/2026 തീയതി കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ മാത്തൂർ സി.എഫ്.ഡി. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ നോൺ വൊക്കേഷണൽ (ഇംഗ്ലീഷ്) അദ്ധ്യാപികയായ ശ്രീമതി. അഞ്ജലി രാധാകൃഷ്ണന് 21/11/2025-ന് സ്കൂളിൽ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിനിടയിൽ വെച്ച് ഉണ്ടായിട്ടുള്ള അപകടത്തിൽ പരിക്ക് പറ്റുകയും ജോലി സ്ഥലത്ത് വെച്ച് ഉണ്ടായിട്ടുള്ള അപകടമായതിനാൽ, കെ.എസ്.ആർ പാർട്ട് 1 റൂൾ 97 (2) പ്രകാരം 06/12/2025 മുതൽ 02/01/2026 വരെ (28 ദിവസം) പ്രത്യേക അവശതാവധി അനുവദിക്കുന്നതിനായുള്ള അപേക്ഷയും അനുബന്ധരേഖകളും പൊതുവിദ്യാഭ്യാസ (തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിഭാഗം) ഡയറക്ടർ പരാമർശം (5) കത്ത് പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പാലക്കാട് മാത്തൂർ സി.എഫ്.ഡി. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ നോൺ വൊക്കേഷണൽ (ഇംഗ്ലീഷ്) അദ്ധ്യാപികയായ ശ്രീമതി. അഞ്ജലി രാധാകൃഷ്ണന് 06/12/2025 മുതൽ 02/01/2026 വരെ 28 ദിവസം കെ.എസ്.ആർ ഭാഗം-I, ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവാകുന്നു. ടി അവധി വിവരം ടിയാളുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി

സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ (തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിഭാഗം), തിരുവനന്തപുരം - 695 014.

അസിസ്റ്റന്റ് ഡയറക്ടർ, തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിഭാഗം, കുറ്റിപ്പുറം, മലപ്പുറം - 679 571.

പ്രിൻസിപ്പൽ , സി.എഫ്.ഡി. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, മാത്തൂർ, പാലക്കാട് - 678 571.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ (GEDN-B3/53/2026-G.EDN).

ഉത്തരവിൻ പ്രകാരം

Digitally signed by
Ragasmitha V M
Date: 01-08-2026
16:46:36
സെക്ഷൻ ഓഫീസർ